പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2601 **28-10-2026-ൽ മറുപടിയ്ക്ക്**

ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിനുള്ള ദിനബത്ത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിർബന്ധിത ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള പരിശീലനം സംസ്ഥാനത്തിനകത്തും പുറത്തുമായി പൂർത്തിയാക്കിയ ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് 2 റൂൾ 59 (റൂളിംഗ് നമ്പർ 2)എന്നിവ അനുസരിച്ച് ദിനബത്ത ലഭിക്കാൻ അർഹതയുണ്ടെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും (ഒ.എ നമ്പർ22/2023) ബഹു. ഹൈക്കോടതിയും (ഒ.പി/കെ.എ.ടി നമ്പർ 533/2025) വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിലെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ. ആന്റണി ജോസഫ്, സംസ്ഥാനത്തിന് പുറത്തുള്ള തന്റെ പരിശീലന കാലയളവിലേക്ക് അർഹമായ ദിനബത്ത (Daily Allowance) അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നമ്പർ 22/2023 മേലുള്ള 06.06.2024 ലെ ഉത്തരവ് പ്രകാരം, കെ.എസ്.ആർ. (KSR) പാർട്ട് I, അനുബന്ധം IV-ലെ ക്ലാസ് VI-ഉം, റൂൾ 59-ന് കീഴിലുള്ള റൂളിംഗ് നമ്പർ 2-ഉം അനുസരിച്ച്, പരിശീലനം പൂർത്തിയാക്കിയ കാലയളവിൽ അർഹമായ നിരക്കിൽ ദിനബത്തയ്ക്ക് പരാതിക്കാരൻ അർഹനാണെന്ന് വിധിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പ്രസ്തുത ഒ.എ. തീർപ്പാക്കിയിരുന്നു. ഇതിനെതിരെ സർക്കാർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. (കെ.എ.ടി.) നമ്പർ 533/2024 ഹർജി തള്ളിയിരുന്നു. ഈ കേസ് ഭാവിയിലെ മറ്റ് അവകാശവാദങ്ങൾക്ക് ഒരു മുൻമാതൃകയായി (Precedent) കണക്കാക്കുന്നതല്ല എന്ന് വ്യക്തമാക്കി സംസ്ഥാനത്തിന് പുറത്തുള്ള പരിശീലന കാലയളവിലേക്ക് ശ്രീ. ആന്റണി ജോസഫിന് അർഹമായ തുക ദിനബത്തയായി അനുവദിക്കാൻ ട്രെയിനിങ് ഡയറക്ടർക്ക് നിർദ്ദേശം നൽകി 13.08.2025 ലെ GO(Rt) No.976/2025/LBR പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) ഡിഡിഒ/കൺട്രോളിംഗ് ഓഫീസർമാരുടെ ഭാഗത്തുനിന്നുണ്ടായ സാങ്കേതിക പിഴവുകളോ വീഴ്ചകളോ കാരണം ദിനബത്ത തടഞ്ഞുവെക്കാൻ കഴിയില്ലെന്നും അർഹതപ്പെട്ട ദിനബത്ത ജീവനക്കാർക്ക് നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്നുമുള്ള ബഹു. കോടതികളുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(സി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ടി.ഐ) അധ്യാപക സംഘടനയായ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ (ഐ.ടി.ഡി.ഐ.ഒ.) നടത്തിയ കോടതി വ്യവഹാരങ്ങൾക്ക് ശേഷവും ഉത്തരവുകൾ വ്യക്തിഗത കേസ് എന്ന നിലയിൽ മാത്രം നടപ്പിലാക്കി ജി.ഒ. (ആർ.ടി.)നമ്പർ 976/2025/LBR ആയി മുൻ സർക്കാർ ഉത്തരവിറക്കിയതിലൂടെ സമാന സാഹചര്യത്തിലുള്ള 180-ൽ അധികം വരുന്ന മറ്റു ജീവനക്കാർക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കണ്ണൂർ, കൊടുവള്ളി, ബേപ്പൂർ എന്നീ ഐടിഐകളിൽ നിന്നും മൂന്ന് ഉദ്യോഗസ്ഥരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ട്രോയിങ്ങ് & ഡിസ്ബേർസിംഗ് ഓഫീസർമാരുടെ വീഴ്ച കാരണം അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെട്ട സമാന സാഹചര്യമുള്ള മുഴുവൻ സി.ഐ.ടി.എസ് പരിശീലനം പൂർത്തിയാക്കിയ ജീവനക്കാർക്കും കെ.എസ്.ആർ ചട്ടങ്ങൾക്കനുസൃതമായി ദിനബത്ത അനുവദിക്കുന്നതിനായി ജി.ഒ (ആർ.ടി)നമ്പർ 976/2025/LBR തിരുത്തി പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ബഹു. ഹൈക്കോടതി/കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധികളുടെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ. ആന്റണി ജോസഫിന്റെ കേസിൽ മാത്രം, ഈ കേസ് ഭാവിയിലെ മറ്റ് അവകാശവാദങ്ങൾക്ക് ഒരു മാതൃകയായി (Precedent) കണക്കാക്കില്ല എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്ത കൊണ്ടാണ് 13.08.2025 ലെ GO(Rt) No.976/2025/LBR ഉത്തരവ് പ്രകാരം ദിനബത്ത അനുവദിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിലവിൽ പ്രസ്തുത ഉത്തരവ് തിരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കേണ്ട സാഹചര്യം ഇല്ല. പുതിയ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ